വിദേശത്തുനിന്നോ അന്യ സംസ്ഥാനങ്ങളിൽ നിന്നോ വരുന്നവരുടെ വിവരം മുൻകൂട്ടി നൽകണം

ആലപ്പുഴ: വിദേശത്തുനിന്നോ ഇതര സംസ്ഥാനങ്ങളിൽ നിന്നോ ജില്ലയിൽ എത്തുന്നവരുടെ കുടുംബാംഗങ്ങൾ അതത് പഞ്ചായത്ത്-മുനിസിപ്പൽ സെക്രട്ടറിമാരെ ഫോൺ വഴി മുൻകൂട്ടി വിവരം അറിയിക്കണമെന്ന് ജില്ല കളക്ടർ എ.അലക്സാണ്ടർ അറിയിച്ചു. ഹോം ക്വാറന്റൈൻ , ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സൗകര്യങ്ങൾ അവലോകനം ചെയ്യുന്നതിന് കളക്ട്രേറ്റിൽ കൂടിയ യോഗത്തിലാണ് തീരുമാനം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യണം

ആലപ്പുഴ: കോവിഡുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലെ വിവിധ റെയിൽവേസ്റ്റേഷനുകളില് വന്നിറങ്ങുന്ന യാത്രക്കാരെ മറ്റ് ജില്ലകളിലേക്കും ജില്ലയിലെ വിവിധ സ്ഥലങ്ങളിലേക്കും എത്തിക്കുന്നതിനുള്ള ചുമതല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഏൽപ്പിച്ചിരിക്കുന്നതിനാല് പൊതുജനങ്ങൾ കൂടുതലായി ഓഫീസിൽ എത്തുന്നത് സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ രജിസ്ട്രേഷന്, സർട്ടിഫിക്കറ്റ് ചേർക്കല്, പുതുക്കല് തുടങ്ങിയവ www.eemployment.kerala.gov.in എന്ന വിലാസത്തിൽ ഓൺലൈനായി ചെയ്യണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസര് അറിയിച്ചു.

ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം

ആലപ്പുഴ: ഭിന്നശേഷിക്കാർക്ക് സാമൂഹ്യനീതി വകുപ്പ് നടത്തുന്ന വിദ്യാകിരണം,വിദ്യാജ്യോതി,സ്വാശ്രയ, പരിരക്ഷ,വിദൂര വിദ്യാഭ്യാസ ധനസഹായ പദ്ധതികളിൽ ധനസഹായം ലഭിക്കുന്നതിന് ജില്ലയിലെ അർഹരായ ഗുണഭോക്താക്കളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ജൂലൈ 31നകം ജില്ല സാമൂഹ്യനീതി ഓഫീസിൽ നൽകണം. അപേക്ഷഫോമുകളും വിശദ വിവരങ്ങളും www.sjd.keral.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0477 2253870.

കർഷകത്തൊഴിലാളി ധനസഹായത്തിന് 26നകം അപേക്ഷിക്കണം

ആലപ്പുഴ: കോവിഡ് പശ്ചാത്തലത്തിൽ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് സർക്കാർ അനുവദിച്ച ആയിരം രൂപ ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 26 ആണെന്ന് ജില്ല എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. www

karshakathozhilali.org എന്ന വെബ്സൈറ്റോ karshakathozhilali എന്ന മൊബൈൽ ആപ്പോ മുഖേന അക്ഷയ കേന്ദ്രങ്ങളിലൂടെയും മൊബൈലിലൂടെയും അപേക്ഷിക്കാം. നിലവിൽ കുടിശ്ശികയുള്ളവർ ഉൾപ്പെടെ എല്ലാ അംഗങ്ങളും ധനസഹായത്തിന് അർഹരാണ്. ഫോൺ: 0477 2264923.

കൊട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജിലെ മൈക്രോബയോളജി വിഭാഗത്തിലെ എച്ച്.ഐ.സി.സി. യൂണിറ്റിലേക്ക് എൽ.സി.ഡി. പ്രൊജക്ടർ (ഒരെണ്ണം) വാങ്ങുന്നതിന് കൊട്ടേഷന് ക്ഷണിച്ചു. കൊട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ മൂന്ന് ഉച്ചയ്ക്ക് പന്ത്രണ്ട് മണി. അന്നേ ദിവസം മൂന്നു മണിക്ക് കൊട്ടേഷൻ തുറക്കും. വിശദവിവരത്തിന് ഫോൺ: 0477 2282015.